**വാഴ്ത്തി സ്തുതിക്കുമെന്നും ഞാൻ**
**എന്റെ താഴ്ച്ചയിൽ ഓർത്ത ഈശനെ**

1. വർണ്ണിച്ചീടാനെനിക്കെന്റെ നാവു  പോരായേ
   എണ്ണിതീർത്തിടാമോ അവൻ ചെയ്തത്
   ആയിരമായ് സ്തുതിച്ചീടുന്നേ
   ആനന്ദ ഹസ്തങ്ങളെ ഉയർത്തി...
   വാഴ്ത്തി
2. പാപശാപരോഗമായതെന്റെ ഭീതിയാൽ
   നാശഗർത്തത്തിൽ പതിക്കും നേരത്തിൽ
   സ്നേഹ ഹസ്തം നീട്ടിയെന്നെ
   നിൻ തിരുരാജ്യത്തിലാക്കിയല്ലോ...
   വാഴ്ത്തി
3. ചേറ്റിലല്ലയോ കിടന്നതോർത്തു നോക്കിയാൽ
   നാറ്റമല്ലയോ വമിച്ചതെൻ ജീവിതം
   മാറ്റിയല്ലോ എൻ ജീവിതത്തെ
   മാറ്റമില്ലാത്ത നിന്റെ കൃപയാൽ
   ... വാഴ്ത്തി
4. പാപികളെ തേടിവന്ന യേശു രക്ഷകൻ
   പാപമില്ലാശുദ്ധർക്കായിതാ വരുന്നേ
   വരവിൻ ദിനം അതിസമീപം
   വരവിൻ പ്രത്യാശയാൽ നിറഞ്ഞീടാമേ
   ... വാഴ്ത്തി
5. അല്ലൽ തിങ്ങും ജീവിതത്തിൽ ഞാൻ വസിച്ചപ്പോൾ
   വല്ലഭാ നിൻ സ്നേഹമെന്നിൽ ഊറ്റിയല്ലോ
   ജയഗീതം പാടീടുവാൻ നിൻ
   ജയം നീ എനിക്കേകിയല്ലോ -വാഴ്ത്തി

**Vaazhthi sthuthikkumennum njaan**
**Ente thaazhchayil ortha Eesane**

1. Varnicheedanenikente navu poraaye
   Ennitheerthidaamo avan chaithathu
   Aayiramai sthuthicheedunne...
   Aananda hasthangale uyarthi...
   Vaazhthi
2. Paapasaaparogammaayathente bheethiyaal
   Naasagarthathil pathikkum nerathil
   Sneha hastham neettienne
   Ninthiruraajyathil aakkiallo...
   Vaazhthi
3. Chettilallayo kidannathorthu nookkial
   Naattamallayo vamichathen jeevitham
   Maattiyallo en jeevithathe
   Maattaamillatha ninte krupayal...
   Vaazhthi
4. Paapikale thedivanna yesu rakshakan
   Paapamilla shudharkayithaa varunne
   Varavin dinam athisameepam
   varavin prathyaasayaal niranjeedaame... Vaazhthi
5. Allal thingum jeevithathil njaan vasichappol
   Vallabha nin shehamennil oottiyallo
   Jayageetham paadeeduvan nin
   Jayam nee enikkekiyallo... Vaazhthi